പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4825 — 21.10.2011-ൽ മറുപടിക്ക്

## കാട്ടുചിറ പ്രദേശത്ത് കുടിവെള്ള സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലെ പുളിയനം കരയിൽ വടക്ക് കുന്ന് ഭാഗത്ത് 15ഓളം എസ്.സി / എസ്.ടി. കുടുംബങ്ങൾ ഉൾപ്പെടെ നൂറോളം കുടുംബങ്ങൾ താമസിക്കുന്ന കാട്ടുചിറ പ്രദേശത്ത് കുടിവെള്ള സൗകര്യവും റോഡ് സൗകര്യവും ഇല്ലാത്തതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;<br>(ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | പാറക്കടവ് ഗ്രാമ പഞ്ചായത്തിലെ കാട്ടുചിറ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും റോഡ് സൗകര്യം വർദ്ധിപ്പിക്കുന്നതിനും ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. പാറക്കടവ് ഗ്രാമ പഞ്ചായത്തിലെ കാട്ടുചിറ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എ.ആർ.ഡബ്ല്യു.എസ്.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കി കുടിവെള്ളം ആവശ്യാനുസരണം വിതരണം ചെയ്തുവരുന്നു.<br>2. റോഡ് സൗകര്യത്തിനായി ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 5 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് ടാറിംഗ് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.